**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നതവിദ്യഭ്യാസ വകുപ്പ് - കേരള സ്റ്റേറ്റ് കോമൺപൂൾ ലൈബ്രറി സർവ്വീസ് - ജീവനക്കാര്യം - ശ്രീമതി ജോസിലി ജോസഫ്, ലൈബ്രേറിയൻ ഗ്രേഡ് 3 ഫയൽ ചെയ്ത OA 1755/2018 നമ്പർ പെറ്റീഷൻ - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19-09-2018 ലെ ഉത്തരവ് പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.**2050**/2018/ഉ.വി.വ. തീയതി, തിരുവനന്തപുരം, **13.11.2018**

---

പരാമർശം:- (1) ശ്രീമതി ജോസിലി ജോസഫ് സമർപ്പിച്ച 18-09-2018 തീയതിയിലെ അപേക്ഷ.
(2) OA 1755/2018 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19-09-2018 ലെ വിധിന്യായം.

**<u>ഉത്തരവ്</u>**

ശ്രീമതി ജോസിലി ജോസഫ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA1755/2018 മേലുള്ള പരാമർശം 2 ലെ ഉത്തരവിൽ, ശ്രീമതി ജോസിലി ജോസഫിനെയോ പ്രതിനിധിയെയോ നേരിൽ കേട്ടതിനുശേഷം, ടിയാൾ സർക്കാരിൽ സമർപ്പിച്ചിരുന്ന, പരാമർശം ഒന്നിലെ Annexure A6 നിവേദനം പരിശോധിച്ച് തീർപ്പ കല്പിക്കുന്നതിന്, നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം, ശ്രീമതി ജോസിലി ജോസഫിനെ 30-10-2018 ൽ സർക്കാർ നേരിൽ കേൾക്കുകയുണ്ടായി. താഴെപ്പറയുന്ന വസ്തുതകളാണ് പ്രധാനമായും കണ്ടെത്തിയത് :-

6-12-2010 മുതൽ കോമൺപൂൾ ലൈബ്രറി സർവീസിൽ ഗ്രേഡ് IV ലൈബ്രേറിയൻ തസ്തികയിൽ ജോലി നോക്കി വരുകയായിരുന്ന പാലക്കാട് സ്വദേശിയായ, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട, ശ്രീമതി ജോസിലി ജോസഫ് 4-7-2017 ന് ലൈബ്രേറിയൻ ഗ്രേഡ് III ആയി സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്ന്, മഞ്ചേരി ഗവ. മെഡിക്കൽ കോളേജിലേക്ക് നിയമിക്കപ്പെട്ടു. 5-02-2018 മുതൽ പ്രസവാവധിയിലായിരുന്ന ടിയാളുടെ കുഞ്ഞ് പ്രസവത്തോടെ മരിച്ചുപോയതിനെത്തുടർന്നുണ്ടായ കടുത്ത മാനസിക വ്യഥയും ശാരീരിക ബുദ്ധിമുട്ടുകളും കാരണം പ്രസവാവധിയോട് ചേർത്ത് 60 ദിവസം ആർജിത അവധിയെടുക്കുകയുണ്ടായി. തുടർന്ന്, ടിയാൾ ഗവ. പോളിടെക്നിക് കോളേജ്, പാലക്കാട്ടേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരുന്നുവെങ്കിലും, GO(Rt) No.1721/2018/H.Edn dated 15-9-2018 പ്രകാരം ടിയാൾക്ക് സ്ഥലംമാറ്റം നൽകിയത് IPT&GPT കോളേജ് ഷൊർണ്ണൂരിലേയ്ക്ക് ആണ്. മാത്രമല്ല, ടിയാൾ സ്ഥലംമാറ്റം ആവശ്യപ്പെട്ടിരുന്ന പാലക്കാട് ഗവ. പോളിടെക്നിക് കോളേജ് കോളേജിലേക്ക് തന്നേക്കാൾ വളരെ ജൂനിയറും ഗ്രേഡ് IV ലൈബ്രേറിയനുമായ ശ്രീമതി മീര വി.എസ് ന് സ്ഥാനക്കയറ്റത്തോടനുബന്ധിച്ച സ്ഥലംമാറ്റം നൽകുകയും ചെയ്തു. ശ്രീമതി മീര വി.എസ്. സ്ഥലംമാറ്റം ആവശ്യപ്പെട്ടിരുന്നത് IPT&GPT കോളേജ് ഷൊർണ്ണൂർ, പാലക്കാട് അല്ലെങ്കിൽ ഗവ. പോളിടെക്നിക് കോളേജ് പാലക്കാട്. എന്നിരിക്കേ, ശ്രീമതി ജോസിലി ജോസഫ് സ്ഥലം മാറ്റം ആവശ്യപ്പെട്ടിരിക്കുന്നത് ഗവ. പോളിടെക്നിക് കോളേജ് പാലക്കാടേയ്ക്ക് മാത്രമാണ്. ഹർജിക്കാരിക്ക് താമസസ്ഥലത്തുനിന്ന് IPT&GPT കോളേജിലേക്ക് 60 കി.മി ദൂരം നിത്യേന യാത്രചെയ്യേണ്ടി വരുന്നുണ്ട്. പ്രസ്തുത ദീർഘയാത്രമൂലമുള്ള കഠിനമായ ശാരീരിക ക്ലേശം മാനസികമായും ടിയാളെ തളർത്തുന്നതായി മനസ്സിലാക്കുന്നു.

2) മേൽ സാഹചര്യത്തിൽ, IPT&GPT കോളേജ് ഷൊർണ്ണൂർ, പാലക്കാട് ലെ ലൈബ്രേറിയൻ ഗ്രേഡ് III ശ്രീമതി ജോസിലി ജോസഫിന് ടിയാൾ സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിട്ടുള്ള പാലക്കാട് ഗവ. പോളിടെക്നിക് കോളേജിലേയ്ക്ക് സ്ഥലംമാറ്റത്തിന് ചുവടെപ്പറഞ്ഞിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ അർഹതയുണ്ട് :-

(i) ഗ്രേഡേഷൻ ലിസ്റ്റ് പ്രകാരം ശ്രീമതി ജോസിലി ജോസഫ് 37-ാമതും ശ്രീമതി മീര വി.എസ്. 50-ാമതുമാണ്. ശ്രീമതി ജോസിലി ജോസഫിന് ലൈബ്രേറിയൻ ഗ്രേഡ് III തസ്തികയിൽ ഒരുവർഷത്തെ out station service ഉണ്ട്. (ഗവ. മെഡിക്കൽ കോളേജ്, മഞ്ചേരി, മലപ്പുറം ജില്ല). ടിയാൾക്ക് സ്ഥലംമാറ്റം ലഭിച്ച IPT&GPT കോളേജിലേക്ക് താമസസ്ഥലത്ത് നിന്നും 60 കി.മി. ദൂരം നിത്യേന യാത്ര ചെയ്യേണ്ടിവരുന്നു.

(ii) പ്രസവാവധിയിലായിരുന്ന ശ്രീമതി ജോസിലി ജോസഫിന് സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് സ്ഥലം മാറ്റത്തിന് അർഹതയുണ്ട്.

(iii) ശ്രീമതി ജോസിലി ജോസഫ് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തിയാണ്.

(iv) പ്രസവത്തോടെ ടിയാളുടെ കുഞ്ഞ് മരിച്ചുപോയതിനെത്തുടർന്നുണ്ടായ കടുത്ത മാനസികവ്യഥയും, ശാരീരിക ക്ലേശവും മാനുഷിക പരിഗണനയ്ക്കർഹമാണ്.

3) മേൽ സാഹചര്യത്തിൽ, IPT&GPT കോളേജ് ഷൊർണ്ണൂർ പാലക്കാടിലെ ലൈബ്രേറിയൻ ഗ്രേഡ് III, ശ്രീമതി ജോസിലി ജോസഫിനും പാലക്കാട് ഗവ. പോളിടെക്നിക് കോളേജിലെ ലൈബ്രേറിയൻ ഗ്രേഡ് III ശ്രീമതി മീര വി.എസിനും പരസ്പരം സ്ഥലംമാറ്റം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 1755/2018 മേലുള്ള 19-09-2018 ലെ ഉത്തരവ് മേല്പറഞ്ഞവിധം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജു റ്റി.**

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
ബന്ധപ്പെട്ട വ്യക്തികൾക്ക്
ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
www.highereducation.kerala.gov.in
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ